# GOOD WORK DONE

"തേനി മുത്തുവിനും വീട്"



ഇടുക്കി വണ്ടൻമേട്ടിൽ അടച്ചുറപ്പുള്ള വീടില്ലാതിരുന്ന ഗായകൻ (ഫ്ലവേഴ്സ് ടി.വി ഫെയിം) തേനിമുത്തുവിനും കുടുംബത്തിനും കൂട്ടായപരിശ്രമത്തിലൂടെ വീട് നിർമിച്ചു നൽകിയിരിക്കുകയാണ് വണ്ടൻമേട് പോലീസ് സ്റ്റേഷനിലെ പോലീസ് ഉദ്യോഗസ്ഥർ. ഗാനമേളകളിൽ രജനീകാന്തിന്റെ ഗാനങ്ങളിലൂടെ ഹൃദയങ്ങൾ കീഴടക്കിയിരുന്ന തേനിമുത്തു സംഗീതപരിപാടികൾ ഇല്ലാത്ത സമയത്ത് കൃഷിപ്പണി ചെയ്താണ് കുടുംബം പുലർത്തിയിരുന്നത്.



കഴിഞ്ഞ പ്രളയ കാലത്താണ് വാസയോഗ്യമല്ലാത്ത വീട്ടിൽ കഴിയുന്ന മുത്തുവിനെക്കുറിച്ച് അന്നത്തെ വണ്ടൻമേട് എസ്ഐ ഇ.ജെ ഷനിൽകുമാർ അറിയുന്നത്. തുടർന്ന് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ വീട്ടു നിർമാണത്തിനാവശ്യമായ പ്രവർത്തനങ്ങൾ തുടങ്ങി. ആറുമാസം കൊണ്ടാണ് വീട്ടു പണി പൂർത്തിയാക്കിയത്. 800 ചതുരശ്രഅടിയുള്ള വീടിന് പത്തുലക്ഷത്തോളം രൂപയാണ് ചിലവായത്. പ്രദേശവാസികളുടെയും, റവ.ഫാ. ജോസഫ് തുങ്കുഴിയുടെയും, വ്യാപാരികളുടെയും സഹകരണത്തോടെയാണ് വീട്ടുനിർമാണം പൂർത്തിയാക്കിയത്. വണ്ടൻമേട് പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥർക്ക് ലഭിക്കുന്ന വിശ്രമവേളയിലാണ് വീട്നിർമാണത്തിനായി സമയം കണ്ടെത്തിയത്. വീടിന്റെ വാർക്കപ്പണി പൂർണമായും ചെയ്തതും പോലീസുകാർ തന്നെയായിരുന്നു. വീടിന്റെ താക്കോൽ ദാനം 13-11-2019 ഇടുക്കി ജില്ലാ പോലീസ് മേധാവിക്കു വേണ്ടി കട്ടപ്പന ഡി.വൈ.എസ്.പി എൻ.സി രാജ്മോഹൻ നിർവ്വഹിച്ചു.




തേനിമുത്തുവിന്റെ സുരക്ഷിതമായ വീട് എന്ന സ്വപ്നം സാക്ഷാത്കരിച്ചിരിക്കുകയാണ് വണ്ടൻമേടിലെ ജനമൈത്രി പോലീസ്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നല്കി ജന-ങ്ങൾക്കിടയിലേക്ക് ഇറങ്ങിച്ചെന്നു പ്രവർത്തിക്കാൻ ഇന്ന് ഇടുക്കിയിലെ പോലീസ് മുന്നിലുണ്ട് എന്നതിന് ഒരു ഉദാഹരണമായി ഈ പ്രവർത്തികൾ.



******************